**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5841** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ എത്ര കെ.എസ്.ഇ.ബി. ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ പുന്നയൂർക്കുളം, ചാവക്കാട്, ബീച്ച് എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളും, വാടാനപ്പിള്ളി സെക്ഷൻ ഓഫീസിന്റെ ഭാഗമായ ക്യാഷ് കളക്ഷൻ സെന്ററും (ഏത്തായ് സെന്റർ) വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത ഓഫീസുകൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | പുന്നയൂർക്കുളം സെക്ഷനു വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിലേയ്ക്ക് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതാണ്. വാടക കെട്ടിടങ്ങളിൽ പ്രവർ ത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) | കെ.എസ്.ഇ.ബി. 2021-22 സാമ്പത്തിക വർഷം ഭൂമി ലഭ്യമാക്കുന്നതിനും കെട്ടിട നിർമ്മാണത്തിനുമായി നീക്കിവെച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | 2021-22 സാമ്പത്തിക വർഷം ഭൂമി ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. 90.43 ലക്ഷം രൂപ നീക്കിവയ്ക്കുകയും 73.68 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി 21.61 കോടി രൂപ നീക്കി വയ്ക്കുകയും 10.48 കോടി രൂപ 30.09.2021 വരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ